• ഹമീദ് വാണിമേൽ



# മാറാടിന്റെ മനുഷ്യാവകാശവും മറയിടപ്പെട്ട സത്യങ്ങളും


**മാറാട്** വിചാരണത്തടവുകാരുടെ നാലര വർഷം പിന്നിട്ട ജയിൽജീവിതം കേരളീയ സമൂഹത്തിലെ ഏറ്റവുംവലിയ മനുഷ്യാവകാശ പ്രശ്നമാണിന്ന്. സാക്ഷരതയിലും സാംസ്കാരിക ബോധത്തിലും രാജ്യത്ത് ഉയർന്നസ്ഥാനമുള്ള കേരളത്തിലാണ് ഈ കടുത്ത മനുഷ്യാവകാശ ലംഘനം ആരാലും ചോദ്യം ചെയ്യപ്പെടാതെയും പൊതുമണ്ഡലത്തിൽ ഒരു ചർച്ച പോലുമാവാതെയും കടന്നുപോകുന്നത്. 2003 മെയ് 2-ന് വൈകുന്നേരമാണ് ഒൻപതുപേരുടെ ദാരുണമായ കൊലപാതകത്തോടെ രണ്ടാം മാറാട് സംഭവം നടക്കുന്നത്. കേരളീയ സമൂഹം ഒന്നടങ്കം ഈ സംഭവത്തിൽ അതീവ ദുഃഖിതരാണ്. കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളെ ആശ്വസിപ്പിക്കാൻ സാധ്യമാകുന്നതെല്ലാം അവർ ഉടനടി ചെയ്തു. മത-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഗൗരവമായ ഇടപെടലാണ് ഇതിന്റെ പ്രത്യാഘാതങ്ങൾ പരിസരങ്ങളിലേക്ക് വ്യാപിക്കാതെ തടഞ്ഞുനിർത്തിയത്.

എന്നാൽ മാറാട് പ്രശ്നത്തിന് ദാരുണമായ മറ്റൊരു വശമുണ്ട്. സംഭവത്തെ തുടർന്ന് പിടിക്കപ്പെട്ട 139 പേർ വിചാരണത്തടവുകാരായി കോഴിക്കോട് ജില്ലാജയിലിൽ കഴിയാൻ തുടങ്ങിയിട്ട് നാലു വർഷവും ഒൻപതുമാസവുമായി. ഏതാനും ആഴ്ചമുമ്പ് കടുത്ത വ്യവസ്ഥകളോടെ അനുവദിച്ച ജാമ്യത്തിൽ രണ്ടു പേർ പുറത്തിറങ്ങിയെന്നത് മാത്രമാണ് ഏറ്റവും അവസാനമായി സംഭവിച്ചത്. അന്ന് പിടിക്കപ്പെട്ടവരിൽ 63 പേരും സംഭവ ദിവസം വിവാഹത്തിൽ പങ്കെടുക്കാനും നമസ്കാരത്തിനും പള്ളിയിൽ ഒത്തുകൂടിയ നിരപരാധികളായിരുന്നു. അവരെ പ്രതിപ്പട്ടികയിൽ ചേർക്കുകയാണുണ്ടായത്. രോഗികളും കുട്ടികളും വൃദ്ധരുമടങ്ങുന്ന വിചാരണത്തടവുകാർക്ക് നീതിന്യായ വ്യവസ്ഥയിൽ നിർബന്ധമായും ലഭിക്കേണ്ട ജാമ്യംപോലും നാളിതുവരെ നിഷേധിക്കപ്പെടുകയായിരുന്നു. ഇന്ത്യൻ ശിക്ഷാനിയമം 13,147,320 വകുപ്പുകൾ വെച്ചുകൊണ്ടാണ് ഇവർക്കെതിരെ കേസെടുത്തിട്ടുള്ളത്.

ഇത്തരം വകുപ്പുകളിൽ 90 ദിവസത്തിനുള്ളിൽ കുറ്റപത്രം നൽകിയില്ലെങ്കിൽ അവർക്ക് ജാമ്യം നൽകണമെന്നാണ്

**പലരുടെയും പേരിൽ ചാർജുചെയ്ത കേസിന് പരമാവധി ശിക്ഷ ലഭിച്ചാൽ പോലും ഇത്രയും വർഷം തടവിൽ കഴിയേണ്ടിവരില്ലെന്നാണ് നിയമവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് എത്രവലിയ ശിക്ഷ നൽകുന്നതിലും ആർക്കും വിയോജിപ്പില്ല. സംഭവത്തിന്റെ നിജസ്ഥിതി അന്വേഷിക്കുന്ന ഏതൊരാൾക്കും പിടിക്കപ്പെട്ടവരിൽ ഭൂരിഭാഗവും നിരപരാധികളും സംഭവുമായി ബന്ധപ്പെടാൻ യാതൊരു സാധ്യതയുമില്ലാത്തവരുമാണ് എന്ന് ബോധ്യമാകും.**






ക്രിമിനൽ നിയമത്തിലെ നടപടിക്രമം. ബധിരനും മൂകനുമായ പരീച്ചിന്റെകത്ത് അബ്ദുൽഖാദിറും, മാനസിക രോഗിയായ അബൂബക്കറും, ബ്രെയിൽ ട്യൂമറുള്ള അബ്ബാസും, ഹൃദ്രോഗിയായ താജുദ്ദീനുമടക്കം മാരകമായ രോഗബാധിതരും പ്രായാധിക്യം കൊണ്ട് പ്രയാസപ്പെടുന്നവരുമെല്ലാം നരകയാതനകൾ അനുഭവിച്ചു ജയിലിൽ കഴിയുകയാണ്.

പിടിക്കപ്പെട്ടവരിൽ അഞ്ചു പേർ കുട്ടികളാണ്. സർക്കാറോ നീതിന്യായ വ്യവസ്ഥയോ യാതൊരു പരിഗണനയും നൽകാത്തതിനാൽ ഇവരുടെ ജയിൽ ജീവിതം അനന്തമായി നീളുകയാണ്. ഇഴഞ്ഞുനീങ്ങുന്ന കേസന്വേഷണവിധിയും കാത്ത് എത്രകാലമാണിവർ ജയിലിൽ കഴിയുക? ഇവരിൽ പലരുടെയും പേരിൽ ചാർജ്ചെയ്ത കേസിന് പരമാവധി ശിക്ഷ ലഭിച്ചാൽ പോലും ഇത്രയും വർഷം തടവിൽ കഴിയേണ്ടിവരില്ലെന്നാണ് നിയമവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് എത്രവലിയ ശിക്ഷ നൽകുന്നതിലും ആർക്കും വിയോജിപ്പില്ല. സംഭവത്തിന്റെ നിജസ്ഥിതി അന്വേഷിക്കുന്ന ഏതൊരാൾക്കും പിടിക്കപ്പെട്ടവരിൽ ഭൂരിഭാഗവും നിരപരാധികളും സംഭവുമായി ബന്ധപ്പെടാൻ യാതൊരു സാധ്യതയുമില്ലാത്തവരുമാണ് എന്ന് ബോധ്യമാകും.

രോഗികളും വൃദ്ധരുമായ വിചാരണത്തടവുകാർ പലതവണ ജാമ്യാപേക്ഷ നൽകിയിട്ടും അതവർക്ക് ലഭിച്ചില്ല. ഇപ്പോൾ 30 പേർക്ക് ജാമ്യം ലഭിച്ചതാവട്ടെ, പ്രതികളാക്കപ്പെട്ടവർക്ക് പുറത്തുവരാൻ കഴിയാത്ത ഉപാധികളോടെയും. രണ്ടു ലക്ഷം രൂപയുടെ മൂന്ന് ആൾജാമ്യം, അതിലൊരാൾ പ്രതിയുടെ ഉറ്റബന്ധുവുമായിരിക്കണം. മറ്റ് രണ്ടുപേർ മാറാട് സ്പെഷ്യൽ കോടതിക്ക് തൃപ്തികരമായിട്ടുള്ളവരായിരിക്കണം. ജാമ്യം നൽകപ്പെട്ട ഈ 30 പേരും മാറാട് സ്പെഷ്യൽ കോടതിയുടെ മൂന്നുകിലോമീറ്റർ ചുറ്റളവിൽ മാത്രമേ കേസിന്റെ അന്തിമ വിധിവരുന്നതുവരെ താമസിക്കാൻ പാടുള്ളു. ജാമ്യക്കാരിലൊരാൾ പ്രതി കോടതിയിൽ ഹാജരാവുന്ന സമയത്ത് കൂടെയുണ്ടാവണം. ഇതടക്കം ഒരു പാട് ഉപാധികളോടെ നൽകിയ ജാമ്യം ഉപയോഗപ്പെടുത്താൻ കഴിയാതെ രണ്ടു പേരൊഴികെയുള്ളവരെല്ലാം ജയിലിൽ തന്നെ കഴിയേണ്ടിവന്നിരിക്കുന്നു. ഇത്തരം വ്യവസ്ഥകളോടെ ജാമ്യം നൽകുന്നത് ജുഡീഷ്യറിയുടെ ചരിത്രത്തിലാദ്യമായാണ്.

ജയിലിൽ കിടക്കുന്ന 139 പേരുടെ കുടുംബങ്ങളുടെ ജീവിതം ദുരിതപൂർണമാണ്. ഉണ്ണാനും ഉടുക്കാനും ചികിത്സിക്കാനും കുട്ടികൾക്ക് സാമാന്യവിദ്യാഭ്യാസം നൽകാൻപോലും കഴിയാത്ത ഇവർ സ്ത്രീകളുടെ കഠിനാധ്വാനം കൊണ്ടും ഉദാരമതികളുടെ സഹായംകൊണ്ടും കഷ്ടിച്ചു കഴിഞ്ഞുകൂടുകയാണ്. വിദ്യാഭ്യാസ ചെലവ് താങ്ങാൻ കഴിയാത്തതിനാൽ പഠനം നിർത്തിയവരും വിവാഹപ്രായം കഴിഞ്ഞിട്ടും കെട്ടിച്ചയക്കാത്ത യുവതികളും വലിയ ഒരു സാമൂഹിക പ്രശ്നമായി അവശേഷിക്കുന്നു. മാറാട് നിന്ന് ഉള്ളതെല്ലാം വിട്ടോടിയ കുടുംബങ്ങളിൽ ചിലർ ഇന്നും അന്യദേശങ്ങളിലെ ബന്ധുവീടുകളിലും പണയവീടുകളിലും അഭയാർഥികളായി കഴിഞ്ഞുകൂടുന്നു. കോഴിക്കോട് ജയിലിനുപുറത്ത് ജയിലിലുള്ളവരെ ഒരു നോക്കുകാണാൻ കാത്തിരിക്കുന്ന കുടുംബങ്ങൾ പറഞ്ഞുതരും കരളലിയിപ്പിക്കുന്ന ഒട്ടേറെ അനുഭവങ്ങൾ.

ദുരിതപൂർണമായ ജീവിതാവസ്ഥ ഇവരിൽ അരക്ഷിതാവസ്ഥയും തീവ്രമായ പ്രതിഷേധവും സൃഷ്ടിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഈ അവസ്ഥയിൽ പാവപ്പെട്ട കുടുംബാംഗങ്ങൾക്ക് എത്രകാലം പിടിച്ചു നിൽക്കാൻ കഴിയും? നീതിനിഷേധത്തിന്റെ അറ്റമില്ലാത്ത തുടർച്ച ജയിലിനകത്തെ നിരപരാധികളുടെ മനസ്സിൽ അമർഷവും പകയും സൃഷ്ടിക്കുകയില്ലേ?

ഇവിടെ ഭരണകൂടം നിർവഹിക്കേണ്ട ചില ബാധ്യതകളുണ്ട്. പ്രതികൾക്ക് ജാമ്യം അനുവദിച്ചാൽ മാറാട് എന്ന '0' വട്ടത്തിൽ കലാപം പൊട്ടിപ്പുറപ്പെടുമെന്ന രഹസ്യാന്വേഷണ റിപ്പോർട്ടിന്റെ പേരിൽ എത്രകാലം ആശങ്കപ്പെട്ടിരിക്കാൻ ആർജവമുള്ള ഭരണകൂടത്തിന് സാധിക്കും? മാറാട് പ്രതികൾ തിരിച്ചെത്തുന്നത് അപകടകരമാണെന്ന് കാമ്പയിൻ നടത്തുന്ന ഫാഷിസ്റ്റുകൾക്കു മുന്നിൽ ഒരു മതേതര ഭരണകൂടം മുട്ടുമടക്കിനിൽക്കുകയാണോ വേണ്ടത്? സർക്കാർ സംവിധാനം സമാധാനപരമായി ഉപയോഗപ്പെടുത്തിയും സാംസ്കാരിക കൂട്ടായ്മകളുണ്ടാക്കി ജനഹൃദയങ്ങളെ വിളക്കിച്ചേർത്തും മനവികതയുടെ ശാക്തീകരണത്തിന് കരുത്തുപകരാനുള്ള സംവിധാനമൊരുക്കാനാണ് ഭരണകൂടം തയാറാകേണ്ടത്. മഅ്ദനിയെ മോചിപ്പിച്ച സമയത്തും കേരളത്തിൽ കലാപമുണ്ടാകും എന്ന് ചിലർ വാദിച്ച് നടന്നിരുന്നു. പക്ഷേ കേരളീയ സമൂഹം അത്തരം വാദമുഖങ്ങളെ അവഗണിക്കാൻ ആർജവം കാണിച്ചു. മാറാട് പ്രദേശവാസികളുടെ പരസ്പര ബന്ധങ്ങളിലും നിലപാടുകളിലും ഇതിനകം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന വസ്തുതയും ആർക്കും നിഷേധിക്കാൻ കഴിയില്ല. മാറാടിന്റെ മറവിൽ വർഗീയത വളർത്താൻ ശ്രമിക്കുന്ന പുറം ശക്തികളാണ് ഇത്തരം തെറ്റായ പ്രചാരണങ്ങളുടെ ഉപജ്ഞാതാക്കളെന്ന്

**ജാമ്യം നൽകപ്പെട്ട ഈ 30 പേരും മാറാട് സ്പെഷ്യൽ കോടതിയുടെ മൂന്നുകിലോമീറ്റർ ചുറ്റളവിൽ മാത്രമേ കേസിന്റെ അന്തിമ വിധിവരുന്നതുവരെ താമസിക്കാൻ പാടുള്ളൂ. ജാമ്യക്കാരിലൊരാൾ പ്രതി കോടതിയിൽ ഹാജരാവുന്ന സമയത്ത് കൂടെയുണ്ടാവണം. ഇതടക്കം ഒരു പാട് ഉപാധികളോടെ നൽകിയ ജാമ്യം ഉപയോഗപ്പെടുത്താൻ കഴിയാതെ രണ്ടു പേരൊഴികെയുള്ളവരെല്ലാം ജയിലിൽ തന്നെ കഴിയേണ്ടിവന്നിരിക്കുന്നു. ഇത്തരം വ്യവസ്ഥകളോടെ ജാമ്യംനൽകുന്നത് ജുഡീഷ്യറിയുടെ ചരിത്രത്തിലാദ്യമായാണ്.**

എല്ലാവർക്കുമറിയാം. ഇതെല്ലാം തിരിച്ചറിയാനുള്ള സംവിധാനങ്ങൾ സർക്കാർ വശം ഉണ്ടായിരുന്നിട്ടും, വിചാരണത്തടവുകാർക്ക് ജാമ്യം നിഷേധിക്കുന്ന തരത്തിൽ ന്യായങ്ങളവതരിപ്പിക്കുന്ന സർക്കാർ നിലപാട് ശരിയല്ല. നീതിയുടെ വിശാല താല്പര്യത്തിനെതിരാണത്.

മനുഷ്യാവകാശ പ്രവർത്തകരും സാഹിത്യ സാംസ്കാരിക പ്രസ്ഥാനങ്ങളും നേതാക്കളും ഈ വിഷയത്തിൽ കുറ്റകരമായ മൗനം പാലിക്കുന്നുവെന്നതും കാണാതിരുന്നുകൂടാ. വിഷയത്തിന്റെ മർമ്മമറിഞ്ഞിട്ടും നീതിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടത്തിൽ പങ്കാളികളാകാൻ ഇത്തരം മതേതരശക്തികൾക്ക് സാധിക്കുന്നില്ല. വൈകിയാണെങ്കിലും മഅ്ദനിയുടെ ജയിൽ മോചനത്തിനുവേണ്ടി മനുഷ്യാവകാശ പ്രവർത്തകരും മാധ്യമങ്ങളും രാഷ്ട്രീയപാർട്ടികളും നടത്തിയ പൊതു പരിശ്രമങ്ങളാണ് അവസാനം വിജയം കണ്ടത്. ഈ സമീപകാല അനുഭവം മുമ്പിലുണ്ടായിട്ടും മാറാട് വിഷയത്തിൽ ഉള്ളുതുറക്കാൻ പലരും തയാറാകുന്നില്ല.

ഒന്നാം മാറാടിന്റെ പ്രതികൾ വളരെ പെട്ടെന്ന് ജാമ്യത്തിലിറങ്ങുകയും രണ്ടാം മാറാടിന്റെ പ്രതികൾ നീണ്ടകാലം ജയിൽ തുടരുകയും ചെയ്യുന്നത് മറ്റൊരു നിലക്കു കൂടി പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇരു പക്ഷത്തെയും സാമുദായിക വർഗീയവാദികൾക്ക് കാലുറപ്പിക്കാനുള്ള അവസരങ്ങളാണ് ഇതുവഴി രൂപപ്പെടുക. കേരളത്തിൽ മതേതരശക്തികൾ അപ്രത്യക്ഷമാകുന്നേടത്താണ് വർഗീയശക്തികൾ ഇടം കണ്ടെത്തുന്നത്. രണ്ട് മാറാട് സംഭവങ്ങളെയും താരതമ്യപ്പെടുത്തിയും ഇതിൽ ഭരണകൂടത്തിന്റെ നിലപാടുകളെ ചൂണ്ടിക്കാണിച്ചുമാണ് പ്രതിഷേധം ആളിക്കത്തിക്കാൻ ശ്രമിക്കുന്നത്. ഇത് തിരിച്ചറിയാനുള്ള സാമാന്യബോധം പോലും ഭരണാധികാരികൾക്കും അതിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയപാർട്ടികൾക്കും കാണാനില്ല. പൊതുസമൂഹത്തിലെ അനാരോഗ്യ പ്രവണതകളോട് ആദർശാടിത്തറയിൽ നിന്നുകൊണ്ടുള്ള നിലപാടെടുക്കാനും പ്രതികരിക്കാനും പാർട്ടികളും സാംസ്കാരിക സംവിധാനങ്ങളും പരാജയപ്പെടുമ്പോഴാണ് വർഗീയ ശക്തികൾ മേൽക്കൈ നേടുന്നത്. മാറാടിന്റെ മനുഷ്യാവകാശ പ്രശ്നങ്ങളിൽ ധീരമായി ഇടപെടാനും സത്യാവസ്ഥകൾ പുറത്തുകൊണ്ടുവരാനും മുഴുവൻ കേരളീയ സമൂഹവും മുന്നോട്ട് വരുമെന്നാണ് പ്രതീക്ഷ. ■